കാസർഗോഡ്-മംഗളൂർ റൂട്ടിൽ സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾ

349 (2179) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്-മംഗളൂർ അന്തർ സംസ്ഥാന റൂട്ടിൽ നിലവിൽ സ്വകാര്യബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഈ റൂട്ടിൽ സ്വകാര്യ ബസ്സുടമസ്ഥർ സർവ്വീസ് നടത്തുന്നതിന് അനുമതിയ്ക്കായി കോടതിയെ സമീപിച്ചിരുന്നുവോ ; വിശദമാക്കുമോ ;

(സി) സംസ്ഥാന സർക്കാർ ഈ കേസ്സിൽ എന്ത് നിലപാടാണ് കോടതിയിൽ എടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല. കാസർഗോഡ്-മംഗളൂർ അന്തർ സംസ്ഥാന റൂട്ടിൽ നേരിട്ട് ഡബിൾ പോയിന്റ് ടാക്സ് അടിസ്ഥാനത്തിലും സിംഗിൾ പോയിന്റ് ടാക്സ് അടിസ്ഥാനത്തിലും നിലവിൽ സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്നില്ല. പക്ഷേ സിംഗിൾ പോയിന്റ് ടാക്സ് അടിസ്ഥാനത്തിൽ-

1. കണ്ണൂർ - കൊല്ലൂർ റൂട്ടിൽ (via കാസർഗോഡ് - മംഗളൂർ)
2. കണ്ണൂർ - മംഗളൂർ റൂട്ടിൽ (via കാസർഗോഡ്)
3. കോഴിക്കോട് - മംഗളൂർ റൂട്ടിൽ (via കാസർഗോഡ്)

ആയി നിലവിൽ 3 സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്.

(ബി) സമീപിച്ചിരുന്നു. കാസർഗോഡ്-മംഗളൂർ അന്തർ സംസ്ഥാന റൂട്ടിൽ ഡബിൾ പോയിന്റ് ടാക്സ് അടിസ്ഥാനത്തിൽ കോടതി വിധികളുടെ അടിസ്ഥാനത്തിൽ കുറച്ച് സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തിക്കൊണ്ടിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബ്യൂണലിൽ നില നിന്നിരുന്ന അപ്പീലുകൾ സർക്കാരിനനുകൂലമായി തീർപ്പ് കൽപ്പിച്ചപ്പോൾ ടി സ്വകാര്യ ബസ്സുകൾക്ക് Stop Memo നൽകുകയുണ്ടായി. അതിനുശേഷം സ്വകാര്യ ബസ്സുടമകൾ, ബഹു.ഹൈക്കോടതി, കേരള മുമ്പാകെ Writ Petition- കൾ ഫയൽ ചെയ്തു. ബഹു. ഹൈക്കോടതി, 15-11-2013 തീയതിയിൽ പൊതു ജഡ്ജ്മെന്റിലൂടെ പതിനേഴ് കേസ്സുകൾ തീർപ്പുകൽപ്പിച്ചു. ടി വിധിന്യായത്തിനെതിരായി, കർണ്ണാടക കെ.എസ്.ആർ.ടി.സി., കേരള സർക്കാർ എന്നിവരൊക്കെ ബഹു. ഹൈക്കോടതി, കേരള മുമ്പാകെ Writ Appeal ഫയൽ ചെയ്യുകയുണ്ടായി. സ്വകാര്യ ബസ്സുടമസ്ഥർ, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബ്യൂണൽ, എറണാകുളത്ത് വീണ്ടും അപ്പീലുകൾ ഫയൽ ചെയ്യുകയുണ്ടായി. അവയും തീർപ്പാക്കിയിട്ടില്ല. WP(C) No. 8210/2013-ൽ 15-11-2013 തീയതിയിലെ വിധിന്യായത്തിനെതിരായി കർണ്ണാടക സ്റ്റേറ്റ് റോഡ്

LIBRARY ARCHIVES Kerala Legislative Assembly

ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WA No. 1955/2013, 14-10-2015-ൽ തീർപ്പാക്കുകയും റിട്ട് പെറ്റീഷനിലെ വിധി സ്ഥിരപ്പെടുത്തുകയും ചെയ്തു.

(സി) അന്തർ സംസ്ഥാന ഗതാഗത കരാറിലെ വ്യവസ്ഥകൾക്കനുസൃതമായ നിലപാടാണ് സർക്കാർ കോടതിയിൽ സ്വീകരിച്ചിട്ടുള്ളത്.

പൂക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ജീവനക്കാരുടെ ഒഴിവ്

350 (2180) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പുമന്ത്രിയുമായി ചർച്ചനടത്തി തീരുമാനമായിട്ടും പൂക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ജീവനക്കാരുടെ ഒഴിവ് നികത്തിയിട്ടില്ല എന്ന കാര്യം അറിയുമോ ;

(ബി) എങ്കിൽ ആവശ്യമായ ജീവനക്കാരെ എന്ന് നിയമിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഗതാഗത വകുപ്പുമന്ത്രിയുമായി ചർച്ച നടത്തി തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ജീവനക്കാരെ കെ.എസ്.ആർ.ടി.സി. പൂക്കാട് ഡിപ്പോയിൽ നിയമിച്ചിരുന്നുവെങ്കിലും പി.എസ്.സി.-യിൽ നിന്നും നിയമിച്ച കണ്ടക്ടർമാർ ജോലിയിൽ പ്രവേശിക്കാത്തതാണ് പൂക്കാട് ഡിപ്പോയിൽ കണ്ടക്ടർ വിഭാഗത്തിലുള്ള ജീവനക്കാരുടെ ഒഴിവുകൾ ഉണ്ടാകുവാൻ കാരണം.

(ബി) ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ വികസന പദ്ധതികൾ

351 (2181) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗതാഗത വകുപ്പുമന്ത്രിയുടെ കീഴിലുള്ള വിവിധ വകുപ്പുകൾമുഖേന കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാം; ഓരോ പദ്ധതിക്കും ഭരണാനുമതി നൽകി അനുവദിച്ച തുക എത്ര ; വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ ; പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ ?

ഉത്തരം

പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly